(ബി) എന്നാൽ പ്രസ്തുത തിരഞ്ഞെടുപ്പ് ഇതുവരേയും ഗവണ്മെൻറ് അംഗീകരിക്കുകയോ മറ്റു നടപടികൾ നടത്തുകയോ ചെയ്യാത്തത് എന്തുകൊണ്ടാണ്?

HON'BLE MR. N. KUNJURAMAN :

(a) Yes.

(b) Government have cancelled the election conducted on 19-11-1123. The Tahsildar, Thiruvalla, has been directed to arrange for a fresh election.

തൊഴിലാളികളുടെ അവശത

*101. MR. K. A. MATHEW : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹു മാനപ്പെട്ട ലേബർ വകുപ്പു മന്ത്രി സദയം മറുപടി പറയുമോ?

(എ) കോഴഞ്ചേരി–ചങ്ങനാശ്ശേരി മോട്ടാർസിൻഡിക്കേറ്റിലെ തൊഴിലാളികൾ അവരുടെ അവശതകളെയും സങ്കടങ്ങളെയും പറഞ്ഞ് നിവേദനം സമർപ്പിച്ചിട്ടുണ്ടോ?

(ബി) ഉണ്ടെങ്കിൽ അവയുടെ പരിഹാരാർത്ഥം എന്തു നടപടികൾ ഗവണ്മെൻറ് സ്വീകരിച്ചു?

HON'BLE MR. N. KUNJURAMAN :

(എ) ഉണ്ട്.

(ബി) ലേബർ കമ്മീഷണരുടെ അദ്ധ്യക്ഷത്തിൽ 28-11-48-ൽ തിരുവല്ലാ സത്രത്തിൽവച്ച് ഒരു കോൺഫറൻസ് നടത്തുകയും അതിൽ വച്ച് ബോണസ്സ്, പിരിച്ചുവിട്ട തൊഴിലാളികളെ തിരിച്ചെടുക്കുക, മുതലായ പ്രശ്നങ്ങൾ ചർച്ച ചെയ്ത് തീരുമാനിക്കുകയും ചെയ്തു. തൊഴിലാളികളുടെ മറ്റു ആവശ്യങ്ങളെ സംബന്ധിച്ച് ശ്രീ. കെ. എ. മാത്യു അവർകളും മാനേജ്മെൻറും തമ്മിൽ ചർച്ചകൾ നടത്തി വേണ്ട തീരുമാനം ഉണ്ടാക്കുന്നതിനും ഇരുകൂട്ടരും തീരുമാനിച്ചു.

ഗവണ്മെൻറ് ആശുപത്രികൾ.

*102. MR. MANKUZHI M. MADHAVAN: താഴെകാണുന്ന ചോദ്യങ്ങൾക്ക് മെഡിക്കൽ വകുപ്പിൻറെ ചുമതല വഹിക്കുന്ന ബഹു: മന്ത്രി സദയം മറുപടി നൽകുമോ?

(എ) ചിറയിൻകീഴ് താലൂക്കിൽ എത്ര ഗവണ്മെൻറ് ആശുപത്രികൾ ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly